(സി) ഈ സഹകരണ സംഘങ്ങൾ വഴി ജനകീയ ചലച്ചിത്ര സംരംഭങ്ങൾക്ക് രൂപം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

115 (488) അദ്ധ്യാപകരുടെ നിയമനരീതികൾ തമ്മിലുള്ള വ്യത്യാസം

ശ്രീ. കെ. സുധാകരൻ
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ന് മുമ്പും അതിനുശേഷവും നിയമിതരായ അദ്ധ്യാപകരുടെ നിയമനരീതികൾ തമ്മിലുള്ള വ്യത്യാസമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) 1996-നു മുമ്പ് നിയമിതരായ അദ്ധ്യാപകരെ പുതിയ യോഗ്യതാ പരീക്ഷയിൽ നിന്നും ഒഴിവാക്കുകയും, അതിനുശേഷം നിയമിതരായവർ യോഗ്യതാ പരീക്ഷ എഴുതണമെന്ന് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേളത്തിൽ പ്ലസ് ടു നാമമാത്രമായി ഏതാനും സ്കൂളുകളിൽ ആരംഭിച്ചത് 96-ന് മുമ്പാണ്. അന്ന് പ്രസ്തുത സ്കൂളുകളിൽ നിയമനം ലഭിച്ചവരുടെ നിയമനമെല്ലാം അംഗീകരിക്കപ്പെടുകയും ചെയ്തു. 1996-നു ശേഷമാണ് സംസ്ഥാനത്ത് പ്രീഡിഗ്രി നിർത്തലാക്കി പ്ലസ് ടു സ്കൂളുകളിൽ ആരംഭിക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടത്. 96-നുശേഷം നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം താൽക്കാലികമായി മാത്രമേ നൽകിയിട്ടുള്ളു.

(ബി) ഉണ്ട്.

(സി) 1996-ന് ശേഷമാണ് ദേശീയ വിദ്യാഭ്യാസനയം കേരളത്തിലും നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രീഡിഗ്രി നിർത്തലാക്കുന്നതിനും സ്കൂളുകളിൽ പ്ലസ് ടു നടപ്പിലാക്കുന്നതിനും ഉള്ള നയപരമായ തീരുമാനം ഗവണ്മെന്റ് കൈക്കൊണ്ടത്. ആയതിനാൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയാണ് 96-ന് ശേഷം നിയമിതരായ അദ്ധ്യാപകരും യോഗ്യതാ പരീക്ഷാ എഴുതേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly